(ബി) അവരിൽ എത്രപേർ ലോക്കപ്പുമർദ്ദനംമൂലം മരിച്ചതായി പരാതികളും റിപ്പോർട്ടുകളും കിട്ടിയിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ര് പേർ.

(ബി) ഒ പേർ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കോഴഞ്ചേരി ലാക്കപ്പുമർദ്ദനംമൂലം ഒരാൾ മരിച്ചതായിട്ട് വല്ല പരാതിയും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ മുമ്പുപറഞ്ഞ രണ്ടുപേരുടെ മരണംമൂലം ഉള്ള പരാതികളെ കിട്ടിയിട്ടുള്ളൂ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മരിച്ചവരിൽ ഒരാൾ കോഴഞ്ചേരി ലാക്കപ്പിൽകിടന്ന മർദ്ദനത്തിന്റെ ഫലമായിട്ട് മരണമടഞ്ഞു എന്നുള്ളതു് പരാതിമൂലം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ എന്നാണു് എന്റെ ചോദ്യം?

ശ്രീ. ടി. കെ. നാരായണപിള്ള: മരിച്ച ആൾ കോഴഞ്ചേരി ലാക്കപ്പിൽ ആണോ അതോ മറ്റവല്ല സ്ഥലത്തുമാണോ കിടന്നു മരിച്ചതെന്നുള്ളതിനെപ്പറ്റി കൂടുതൽ വിവരങ്ങളൊന്നും എന്റെ കൈവശമില്ല. വേണമെങ്കിൽ അന്വേഷിച്ചു് പറയാം.

INTEGRATION OF SERVICES

*25. (27) **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether integration of services has been effected in any department; and

(*b*) if so, in what all departments?

Chief Minister **[Sri. T. K. Narayana Pillai]:** (*a*) No.

(*b*) Question does not arise.

Sri. A. M. Thomas: Is any officer in special charge of the work?

Sri. T. K. Narayana Pillai: Regarding the integration of the Secretariat personnel, an officer is put in charge.

ശ്രീ. എ. എം. തോമസ്: സർവ്വീസ് സംയോജനത്തിനുവേണ്ടി എത്രാമത്തെ ഉദ്യോഗസ്ഥനെയാണ് ഇപ്പോൾ നിയമിച്ചിട്ടുള്ളതെന്നു പറയാമോ? അദ്ദേഹത്തിനു് ഈ ജോലിക്കു പുറമേ മറ്റു വല്ല ജോലികളുംകൂടിയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സർവ്വീസ് സംയോജനത്തിനുവേണ്ടി അഡീഷനൽ ഫിനാൻഷ്യൽ സെക്രട്ടറിയെയാണ് നിയമിച്ചിരുന്നതു്. എന്നാൽ അതിലേക്കു് ഇപ്പോൾ നിയമിച്ചിരിക്കുന്ന ആൾക്കു് ഈ ജോലിയും ഇതിനുപുറമെ മറ്റു ജോലികളുംകൂടി നിർവ്വഹിക്കാനായിട്ടാണു് നിയമിച്ചിരിക്കുന്നതു്.

ശ്രീ. സി. വി. ഐപ്പ്: സർവ്വീസ് സംയോജനം അടുത്തുവരുന്ന പൊതുതെരഞ്ഞെടുപ്പിനുമുൻപു് നടത്താൻ വല്ല സാദ്ധ്യതയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാദ്ധ്യതയുണ്ടെന്നാണു് ഗവണ്മെണ്ടു് വിചാരിക്കുന്നതു്.

ശ്രീ. സി. വി. ഐപ്പ്: മുമ്പു് ഇതിനായി നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് കാബിനറ്റ് തള്ളിക്കളഞ്ഞു എന്നു പറയുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: തള്ളിക്കളഞ്ഞിട്ടില്ല. എന്നാൽ റിപ്പോർട്ടിൽ സ്വീകരിക്കാനുള്ളതു് സ്വീകരിച്ചിട്ടുണ്ടു്. അത്രയേയുള്ളു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതു് കഴിയുന്നതും വേഗത്തിൽ തീരുമാനിക്കുമെന്ന പ്രസ്താവന ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പ്രസ്താവന ഇന്നും നിലനില്ക്കുന്നുണ്ടു്.

ശ്രീ. സി. വി. ഇയ്യു: ആ പ്രത്യേക ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടു് തിരുവിതാംകൂർകാക്കു് ഗുണകരമല്ലെന്ന കാരണത്താൽ തള്ളിക്കളഞ്ഞു എന്നറിയാമോ?

Mr. Speaker: That is not a question, but is an attempt to supply information coupled with an insinuation.

COMMUNIST PARTY

*26. (28) **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state: whether the Government intends to raise the ban on the Communist party?

Chief Minister **(Sri. T. K. Narayana Pillai):** Not at present.

ശ്രീ. എ. കെ. പാപ്പുപിള്ള: എല്ലാ പാർട്ടിക്കും അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ പങ്കുകൊള്ളുന്നതിനു് സന്ദർഭം കൊടുക്കുന്നതിനുവേണ്ടി അവയുടെ പേരിലുള്ള നിരോധനം പിൻവലിക്കാമോ?

Sri. T. K. Narayana Pillai: No.

ശ്രീ. എ. എം. തോമസ്: നിരോധനം ഉണ്ടായ കാലത്തെ പരിതസ്ഥിതി ഇപ്പോഴും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിരോധനം പുറപ്പെടുവിച്ച സമയത്തെ പരിതസ്ഥിതിയിൽനിന്നും വ്യത്യസ്തമായ ഒരു പരിതസ്ഥിതി ഇപ്പോഴും സംജാതമായിട്ടില്ലെന്നാണു് ഗവണ്മെണ്ടിന്റെ വിശ്വാസം.

തുരനാട്ടു കേസ്സു്

*൨൭. (൨൯) സാഹിബു് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) തുരനാട്ടു് ഇൻസ്പെക്ടർ കൊലക്കേസിൽ എത്ര പ്രതികളാണുള്ളതു്;

(ബി) അതിൽ എത്രപേരെ ഇതിനകം അറസ്റ്റുചെയ്തിട്ടുണ്ടു്;

(സി) അറസ്റ്റു ചെയ്യപ്പെട്ടവരിൽ ഇതിനകം എത്രപേർ മുതിയടഞ്ഞിട്ടുണ്ടു്;

(ഡി) ബാക്കിയുള്ളവരിൽ എത്രപേർ ഇപ്പോൾ രോഗബാധിതരായുണ്ടു്?

ചീഫ്മിനിസ്റ്റർ (ശ്രീ ടി. കെ. നാരായണപിള്ള):

(എ) ൨൩.

(ബി) ൧൫.

(സി) ൩.

(ഡി) ൩.

LIBRARY ARCHIVES Kerala Legislative Assembly